REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ഇന്ന് കനത്ത മഴ ഉണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- വയനാട് പുൽപ്പള്ളിയിൽ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ച സുധന്റെ കുടുംബത്തിന് പത്ത് ലക്ഷം രൂപയും, കാട്ടാന ആക്രമണത്തിൽ മരിച്ച രാജുവിന്റെ കുടുംബത്തിന് 11 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകും.
- തിരുവനന്തപുരത്ത് , ആമയിഴഞ്ചാൻ തോട്ടിൽ മരിച്ച ജോയിയുടെ മാതാവിന് പത്ത് ലക്ഷം രൂപ അനുവദിക്കും.
- പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി, സിദ്ധാർത്ഥന്റെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഗവർണർക്ക് കൈമാറി.
- സ്വർണവില പവന് ഇന്ന് 720 രൂപ കൂടി.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് വ്യാപകമായി കനത്ത മഴ ഉണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലാണ് തീവ്രമഴ സാധ്യത പ്രവചിച്ച് ഓറഞ്ച് ജാഗ്രത നൽകിയത്. തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ഇടുക്കി ഡാമിൽ ഒറ്റ ദിവസം കൊണ്ട് ജലനിരപ്പ് മൂന്നരയടി ഉയർന്നു. വൃഷ്ടിപ്രദേശങ്ങളിൽ മഴ ശക്തമായതോടെ കഴിഞ്ഞ 24 മണിക്കൂറിൽ 3.58 അടി വെള്ളം ഉയർന്ന് ജലനിരപ്പ് 2,345.6 അടിയിലെത്തി. സംഭരണശേഷിയുടെ 42 ശതമാനമാണിത്.

പല വടക്കൻ ജില്ലകളിലും രാവിലെ മുതൽ മഴ ശക്തമാണ്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ശനിയാഴ്ചവരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

സംസ്ഥാനത്ത് 14 ദുരിതാശ്വാസ ക്യാംപുകളിലായി 224 പേരെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

കണ്ണൂരിൽ ഇന്ന് ശക്തമായ മഴയ്ക്ക് അല്പം കുറവുണ്ടെങ്കിലും മഴക്കെടുതിയുടെ ദുരിതം രൂക്ഷമാണ്.

കണ്ണൂർ ജില്ലാപ്രതിനിധി KO ശശിധരന്റെ റിപ്പോർട്ട്.

....(വോയ്സ്).......

✪✪✪

ശക്തമായ മഴയിൽ രണ്ടു ദിവസത്തിനിടെ മലപ്പുറം ജില്ലയിലെ 35 വീടുകൾ ഭാഗികമായി തകർന്നു. 33 അംഗ NDRF സംഘം നിലമ്പൂരിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.

ജില്ലയുടെ വിവിധ പ്രദേശങ്ങളിലായി 9.9 ഹെക്ടർ കൃഷിനശിച്ചതിനെ തുടർന്ന് 31 ലക്ഷത്തോളം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

✪✪✪

കനത്ത മഴയിൽ, കോട്ടയം ജില്ലയിൽ ഇന്നലെ 25 വീടുകൾ ഭാഗീകമായി തകർന്നു. ചങ്ങനാശേരി - 14-ഉം കോട്ടയത്ത് 10-ഉം കാഞ്ഞിരപ്പള്ളിയിൽ ഒന്നും വീടുകളാണ് ഭാഗീകമായി തകർന്നത്.

കോട്ടയം താലൂക്കിൽ ആരംഭിച്ച രണ്ടു ദുരിതാശ്വാസ ക്യാമ്പുകളിൽ 17 പേരെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ ഈ മാസം ഇതുവരെ പെയ്ത മഴയിൽ 23 കോടിയോളം രൂപയുടെ നാശനഷ്ടം ഉണ്ടായതായി റവന്യു വകുപ്പ് അറിയിച്ചു. 16 വീടുകൾ പൂർണ്ണമായും, 37 വീടുകൾ ഭാഗീകമായും തകർന്നു. നെല്ല്, വാഴ ഉൾപ്പടെ 400 ഏക്കറോളം കൃഷിനാശവും ഉണ്ടായി.

മഴ ശക്തമാകുന്ന സാഹചര്യത്തിൽ രാവിലെ മന്ത്രി കെ.കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ജില്ലയിലെ സ്ഥിതി വിലയിരുത്തും.

✪✪✪

ആലപ്പുഴയിൽ മരം വീണ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. വണ്ടാനം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന ഉനൈസാണ് മരിച്ചത്.

✪✪✪

തിരുവനന്തപുരം കഠിനംകുളം മരിയനാട് വള്ളം മറിഞ്ഞ് മത്സ്യതൊഴിലാളി മരിച്ചു. മരിയനാട് അർത്തിയിൽ പുരയിടത്തിൽ അലോഷ്യസ് ആണ് മരിച്ചത്. പുലർച്ചെ ആറ് മണിയോടെയായിരുന്നു അപകടം. ആറ് പേർ കയറിയ വള്ളം തിരകടക്കുന്നതിനിടെ മറിയുകയായിരുന്നു. അഞ്ചു പേർ നീന്തി രക്ഷപ്പെട്ടു.

✪✪✪

വയനാട്ടിൽ കാട്ടാന ആക്രമണത്തിൽ മരിച്ച രാജുവിന്റെ കുടുംബത്തിന് 11 ലക്ഷം രൂപ നഷ്ടപരിഹാരം അടിയന്തരമായി നൽകാൻ മന്ത്രി O.R കേളുവിന്റെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ ധാരണയായി. രാജുവിന്റെ കുട്ടികളുടെ വിദ്യാഭ്യാസം ഗവൺമെന്റ് ഏറ്റെടുക്കും. വിദ്യാഭ്യാസത്തിന് അനുസരിച്ച് കുട്ടികളിൽ ഒരാൾക്ക് ജോലി നൽകും. കുടുംബത്തിന് വീട് നൽകാനും, ശേഷിക്കുന്ന നഷ്ടപരിഹാര തുക ശുപാർശ ചെയ്യാനും യോഗത്തിൽ തീരുമാനിച്ചു. കോളനി റോഡ് കോൺക്രീറ്റ് ചെയ്യും.

കാട്ടാന ആക്രമണത്തിൽ പരുക്കേറ്റ് കിടപ്പിലായ രാജുവിന്റെ ജ്യേഷ്ഠന്റെ മകൻ ബിജുവിന് പെൻഷൻ നൽകാനും യോഗത്തിൽ തീരുമാനിച്ചു. കാട്ടാന ആക്രമണത്തിൽ പ്രതിഷേധിച്ച് നാട്ടുകാരുടെ നേതൃത്വത്തിൽ ദേശിയപാതയിലെ കല്ലുരിൽ രാവിലെ മുതൽ റോഡ് ഉപരോധിച്ചിരുന്നു.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ ശാശ്വതപരിഹാരം വേണമെന്ന് KPCC പ്രസിഡന്റ് K സുധാകരൻ ആവശ്യപ്പെട്ടു. ഈ വർഷം വയനാടിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്ന അഞ്ചാമത്തെയാളാണ് കല്ലൂർ കല്ലുമുക്ക് സ്വദേശി മാറോട് രാജു എന്നും സുധാകരൻ പറഞ്ഞു.

കഴിഞ്ഞ വർഷം മുതൽ വയനാടിൽ വന്യജീവി ആക്രമണത്തിൽ മരിക്കുന്ന 11-ാമത്തെ ആളാണ് രാജുവെന്നും, കുടുംബത്തിന് സാമ്പത്തിക സഹായവും ആശ്രിതർക്ക് ജോലിയും നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.

✪✪✪

വയനാട് പുൽപ്പള്ളിയിൽ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ച ചീയമ്പം സ്വദേശി സുധന്റെ കുടുംബത്തിന് പത്ത് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ആദ്യഗഡുവായി അഞ്ച് ലക്ഷം രൂപ ഉടൻ നൽകുമെന്നും രേഖകൾ ഹാജരാക്കിയാൽ രണ്ടാം ഗഡുവും കൈമാറുമെന്ന് മന്ത്രി പറഞ്ഞു. പഴയ വൈദ്യുതി കമ്പികൾ മാറ്റുന്ന പ്രവൃത്തി പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. വയൽവരമ്പിലൂടെ നടന്നുപോകുമ്പോൾ ഇന്നലെ ഉച്ചയ്ക്കാണ് സുധൻ ഷോക്കേറ്റു മരിച്ചത്.

✪✪✪

തിരുവനന്തപുരം തമ്പാനൂർ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് മരിച്ച ജോയിയുടെ മാതാവിന് 10 ലക്ഷം രൂപ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നായിരിക്കും ധനസഹായം.

✪✪✪

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ വീണ് ശുചീകരണ തൊഴിലാളി ജോയ് മരിച്ച സംഭവത്തിൽ നടപടി ആവശ്യപ്പെട്ട് നഗരസഭയിലേക്ക് യൂത്ത് ലീഗ് പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തി. നഗരസഭാ ഓഫീസിന് ഉള്ളിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചതിനെ തുടർന്ന് പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി.

✪✪✪

വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി, സിദ്ധാർത്ഥന്റെ മരണം സംബന്ധിച്ച റിപ്പോർട്ട് ചാൻസലറായ

ഗവർണർക്ക് കൈമാറി. അന്വേഷണ കമ്മീഷനായ ജസ്റ്റിസ് A ഹരിപ്രസാദാണ് രാജ്ഭവനിലെത്തി റിപ്പോർട്ട് സമർപ്പിച്ചത്.

സിദ്ധാർത്ഥന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളിൽ വൈസ് ചാൻസലർ അടക്കം ആളുകളുടെ വീഴ്ച സംബന്ധിച്ചാണ് കമ്മീഷൻ അന്വേഷണം നടത്തിയത്.

✪✪✪

മാധ്യമരംഗത്തെ കോർപ്പറേറ്റുകളുടെ കടന്നുവരവ് വാർത്തയിലെ സത്യസന്ധതയെ കച്ചവട താത്പര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണെന്ന് മന്ത്രി V.ശിവൻകുട്ടി വിലയിരുത്തി. തിരുവനന്തപുരം പ്രസ് ക്ലബിന്റെ ജേർണലിസം 57-ാം ബാച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മനുഷ്യത്വപരമായ മാധ്യമ പ്രവർത്തനം ആവശ്യമാണെന്നും, തിരുത്തൽ ശക്തികളാകാൻ പുതിയ ബാച്ചിലെ മാധ്യമ വിദ്യാർത്ഥികൾക്ക് കഴിയട്ടെ എന്നും മന്ത്രി പറഞ്ഞു.

✪✪✪

ശ്രീലങ്കയിൽ മറ്റന്നാൾ ആരംഭിക്കുന്ന ഏഷ്യ കപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നതിന് ഇന്ത്യൻ ടീം കൊളമ്പോയിൽ എത്തി. ഹർമൻ പ്രീത് കൗറാണ് ഇന്ത്യൻ സംഘത്തെ നയിക്കുന്നത്. മറ്റന്നാൾ പാക്കിസ്ഥാനുമായാണ് ഇന്ത്യയുടെ ആദ്യ മത്സരം.

✪✪✪

KPCC സംസ്ഥാന ക്യാമ്പ് എക്സിക്യുട്ടീവ് ഇന്ന് സുൽത്താൻ ബത്തേരിയിൽ സമാപിക്കും. ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തുണ്ടായ നേട്ടം, വരുന്ന തദ്ദേശ തിരഞ്ഞെടുപ്പ്, ലോക്സഭാ-നിയമസഭാ ഉപതിരഞ്ഞെടുപ്പുകൾ എന്നിവ ഇന്നലെ ചർച്ച ചെയ്തു. സംഘടനയ്ക്ക് മുന്നോട്ടു പോകണമെങ്കിൽ ഒറ്റമൂലി തന്ത്രങ്ങളില്ലെന്നും, ഭരണം പിടിക്കണമെങ്കിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കണമെന്നും ക്യാമ്പ് ഉദ്ഘാടനം ചെയ്ത AICC ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ പറഞ്ഞു.

✪✪✪

കണ്ണൂർ ചെങ്ങളായി പരിപ്പായിയിൽ ഭൂമിക്കടിയിൽ നിന്ന് കണ്ടെത്തിയ സ്വർണാഭരണങ്ങളും മറ്റും പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ ഇന്ന് പരിശോധിക്കും. പരിപ്പായിയിൽ സ്വർണ്ണം കണ്ടെത്തിയ സ്ഥലം, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, കോഴിക്കോട് പഴശ്ശിരാജ

മ്യൂസിയം ഓഫീസർ കെ. കൃഷ്ണരാജ് എന്നിവരുടെ നേതൃത്വത്തിൽ സംഘം സന്ദർശിച്ചു.

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികളാണ് കഴിഞ്ഞദിവസം സ്വർണാഭരണങ്ങളും മറ്റും ഭൂമിക്കടിയിൽ നിന്ന് കണ്ടെത്തിയത്.

✪✪✪

ഇന്ന് മുഹറം പത്ത്. സത്യത്തിനും നീതിയ്ക്കുമായി ജീവൻ ബലിയർപ്പിച്ച പ്രവാചകൻ മുഹമ്മദ് നബിയുടെ ചെറുമകൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും സഹപ്രവർത്തകരുടെയും രക്തസാക്ഷിത്വ ദിനമാണ് വിശ്വാസികൾ മുഹറം പത്തായി ആചരിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിന്റെ ഭാഗമായി പ്രത്യേക പ്രാർത്ഥനകളും യോഗങ്ങളും ഉണ്ടാകും.

✪✪✪

എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനും ആയ ഹിരണ്യൻ തൃശൂരിൽ അന്തരിച്ചു. ഉച്ചക്ക് ഒരു മണിവരെ തൃശൂരിലെ വീട്ടിൽ പൊതുദർശനത്തിന് ശേഷം ഉച്ചകഴിഞ്ഞ് അമ്മാടത്തെ വീട്ടിലാണ് സംസ്കാരം.

✪✪✪

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണം വിപുലമായ പരിപാടികളോടെ നാളെ തുടങ്ങുമെന്ന് KPCC അറിയിച്ചു. നാളെ രാവിലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുതുപ്പള്ളിയിൽ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് 3,000 വിദ്യാർത്ഥികൾക്ക് 30 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും ഇതോടൊപ്പം ആരംഭിക്കും. നാളെ വൈകിട്ട് മൂന്നരയ്ക്ക് കഞ്ഞിക്കുഴിയിൽ ഉമ്മൻചാണ്ടി ഫൗണ്ടേഷൻ ഓഫീസ് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വർണ്ണവിലയിൽ വൻ വർദ്ധന. പവന് 720 രൂപ കൂടി 55,000 രൂപയായി. ഗ്രാമിന് 6875 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ 678 ഗ്രാം സ്വർണ്ണം കസ്റ്റംസ് പിടികൂടി. കോഴിക്കോട് സ്വദേശി മുഹമ്മദ് നസീഹിനെ കസ്റ്റഡിയിലെടുത്തു.

✪✪✪

തിരുവനന്തപുരം നന്ദിയോട് ആലംപാറയിൽ പടക്ക ഗോഡൗണിനു തീപിടിച്ചു. കടയും, ഗോഡൗണും പൂർണ്ണമായും കത്തി നശിച്ചു. പൊള്ളലേറ്റ കടയുടമ ഷിബുവിന്റെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്.

✪✪✪

മുത്തങ്ങ എക്സൈസ് ചെക്ക് പോസ്റ്റിൽ വാഹന പരിശോധനയ്ക്കിടെ മെത്താഫിറ്റമിൻ മയക്കുമരുന്നുമായി മലപ്പുറം സ്വദേശി പിടിയിലായി. 79 ഗ്രാമിലധികം മെത്താഫിറ്റമിനുമായി പറമ്പിൽപീടിക സ്വദേശി ആബിദ് ആണ് പിടിയിലായത്.

✪✪✪

പശ്ചിമബംഗാൾ ഗവർണർക്ക് എതിരെ അപകീർത്തികരമായ പ്രചാരണം പാടില്ലെന്ന കൊൽക്കത്ത ഹൈക്കോടതി ഉത്തരവിന് ശേഷവും തൃണമൂൽ നേതാക്കൾ വിവാദ പ്രസ്താവനകൾ നടത്തുന്നതായി ഇയാൻസ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. പാർട്ടി നേതാവ് കുനാൽഘോഷ് എക്സ് പോസ്റ്റിൽ വീണ്ടും അപകീർത്തികരമായ പോസ്റ്റിട്ടു. കൃഷ്ണനഗർ MP യായ മഹുവ മൊയ്ത്രയും ഗവർണറെ കുറ്റപ്പെടുത്തി എക്സിൽ കുറിച്ചു.

✪✪✪

പശ്ചിമബംഗാൾ ഗവർണർക്ക് എതിരെ അപകീർത്തികരമായ പ്രചാരണം പാടില്ലെന്ന കൊൽക്കത്ത ഹൈക്കോടതി ഉത്തരവിന് ശേഷവും തൃണമൂൽ നേതാക്കൾ വിവാദ പ്രസ്താവനകൾ നടത്തുന്നതായി ഇയാൻസ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. പാർട്ടി നേതാവ് കുനാൽഘോഷ് എക്സ് പോസ്റ്റിൽ വീണ്ടും അപകീർത്തികരമായ പോസ്റ്റിട്ടു. കൃഷ്ണനഗർ MP യായ മഹുവ മൊയ്ത്രയും ഗവർണറെ കുറ്റപ്പെടുത്തി എക്സിൽ കുറിച്ചു.

✪✪✪